നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

വാല്യം : 10 ◆ ലക്കം : 7 ◆ ജൂലൈ 2003 ◆ വരിസംഖ്യ – ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.

## ലോക പരിസ്ഥിതി ദിനാചരണം

അഡ്വ. ജോർജ്ജ് പുലികുത്തിയിൽ

ജനനീതി, തൃശൂർ നഗരസഭ, ജില്ലാ ലീഗൽ സർവ്വീസസ് അഥോറ്റി, ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ്, ഓട്ടോ റിക്ഷാ സ്വതന്ത്ര തൊഴിലാളി സംഘടന എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ തൃശ്ശൂർ നഗരത്തിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു. മുണ്ടൂർ സൽസബീൽ സ്കൂൾ, സി.എം.എസ്. സ്കൂൾ, തൃശൂർ, കസ്തൂർബ മെമ്മോറിയൽ ഹിന്ദി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, നെടുപുഴ, എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ ജനനീതിയുടെ മരം നടീൽ പരിപാടിയിലും തുടർന്ന് നടന്ന ആരോഗ്യസർവ്വെയിലും സജീവമായി പങ്കെടുത്തു. ചടങ്ങിന്റെ ഉദ്ഘാടനം രാവിലെ 9 മണിയ്ക്ക് ജില്ലാ ജഡ്ജി ശ്രീ.ജെയിംസ് ജെ. മുരിക്കൻ മരത്തൈ വച്ചുകൊണ്ട് നിർവ്വഹിച്ചു. മേയർ ശ്രീ. ജോസ് കാട്ടുക്കാരൻ, ഡെപ്യൂട്ടി മേയർ ശ്രീ. കെ. രാധാകൃഷ്ണൻ, പ്രൊഫ. കെ. ജി. ശങ്കരപ്പിള്ള, ജനനീതി എക്സി. ഡയറക്ടർ അഡ്വ. ജോർജ് പുലികുത്തിയിൽ, ഡയറക്ടർ ബോർഡ് അംഗങ്ങൾ, ജനനീതി കുടുംബാംഗങ്ങൾ, സ്വതന്ത്ര ഓട്ടോറിക്ഷാ തൊഴിലാളി സംഘടനാ പ്രതിനിധികൾ എന്നിവർ വിദ്യാർത്ഥികൾക്കൊപ്പം നഗരത്തിൽ മരങ്ങൾ നട്ടു.

നഗരത്തിലെ ബസ് സ്റ്റാൻഡുകളെയും ജനത്തിരക്കേറിയ വ്യവസായ കേന്ദ്രങ്ങളെയും കേന്ദ്രീകരിച്ച്, മോട്ടോർ വാഹന തൊഴിലാളികൾ, ട്രാഫിക് പോലീസുകാർ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ നടത്തപ്പെട്ട ആരോഗ്യ സർവ്വെയിൽ പ്രധാനമായും വാഹനങ്ങളിലെ അമിതമായ പുക, നിയമ വിരുദ്ധമായ ഹോണുകൾ, അമിത വേഗം തുടങ്ങിയ പ്രശ്നങ്ങളെ അധികരിച്ചുള്ള ചോദ്യങ്ങളാണ് ഉണ്ടായിരുന്നത്.

വൈകീട്ട് 5 മണിക്ക് ജനനീതി കോൺഫറൻസ് ഹാളിൽ വെച്ചു നടന്ന പൊതുയോഗത്തിൽ വെച്ച് ബഹു. ജില്ലാ അഡീഷണൽ ജഡ്ജി സുനിൽ പി. തോമസ് സർവ്വെ ഫലങ്ങൾ പ്രസിദ്ധം ചെയ്തു. ജനനീതി ചെയർമാൻ പ്രൊഫ. കെ. ജി. ശങ്കരപ്പിള്ള അദ്ധ്യക്ഷത വഹിച്ചു. നഗരപിതാവ് ശ്രീ. ജോസ് കാട്ടൂക്കാരൻ, ഡെപ്യൂട്ടി മേയർ ശ്രീ. കെ. രാധാകൃഷ്ണൻ എന്നിവർ സന്ദേശം നൽകി.

ഡോ. ഫ്രാൻസിസ് സേവ്യർ സർവ്വെ നടപടി ക്രമങ്ങൾ വിവരിച്ചു. അഡ്വ. ജാസ്മിൻ ജോസഫ്, അഡ്വ. ജോഷി, അഡ്വ. വിനീത്, ശ്രീ. പ്രസാദ്, ശ്രീ. നവീനചന്ദ്രൻ, ശ്രീ. സുദേവൻ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



## പരിസ്ഥിതി സർവ്വെ : പഠനറിപ്പോർട്ട്

പങ്കിലമാകാത്ത പരിസ്ഥിതി എല്ലാ ജീവജാലങ്ങളുടെയും ജന്മാവകാശമാണ്. മനുഷ്യാവകാശമെന്ന വലിയ കാൻവാസിൽ ഉൾപ്പെടുത്തി ഭരണഘടനയിലൂടെയും, പരിസ്ഥിതി നിയമങ്ങളിലൂടെയും, കോടതി വിധികളിലൂടെയും നിയമമാനങ്ങൾ നൽകപ്പെട്ടിട്ടുണ്ട് പരിസ്ഥിതി സംരക്ഷണം എന്ന ആശയത്തിന്. പ്രകൃതിയുടെ സ്വതന്ത്രതാളത്തിൽ മനുഷ്യന്റെ ഇടപെടലുകൾ അപതാളങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ടെന്ന് തിരിച്ചറിയപ്പെടുന്നുമുണ്ട്.

പരിസ്ഥിതി സംരക്ഷണം പൗരന്റെ കടമയായി എഴുതപ്പെട്ടിട്ടുള്ള ഭരണ ഘടനയാണ് ഇന്ത്യയുടേത്. (ആർട്ടിക്കിൾ 51 A (g)) നിരവധി അന്താരാഷ്ട്ര ഉടമ്പടികളും പ്രഖ്യാപനങ്ങളും പരിസ്ഥിതി സംരക്ഷണം മുഖ്യഅജണ്ടായി അംഗീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ വിവിധമേഖലകളിൽ നിയമനിർമ്മാണവും, നിർവ്വഹണാധികാരങ്ങളും ഇന്ത്യൻ നിയമ സംവിധാനത്തിലുണ്ട്. ശബ്ദ-വായു മലിനീകരണത്തിന്റെ പ്രധാന കാരണങ്ങളിൽ ഒന്നായ ഗതാഗതം സാധാരണക്കാരന്റെ ജീവിക്കാനുള്ള അവകാശത്തെ ബാധിക്കുന്നുവോ എന്ന അന്വേഷണം ലോക പരിസ്ഥിതി ദിനത്തിൽ പ്രസക്തമാണ്. നിയമ സംവിധാനത്തിൽ നിലവിലുള്ള ശബ്ദ- വായു മലിനീകരണ നിയന്ത്രണ വ്യവസ്ഥകൾ തൃശൂരിന്റെ തെരുവുകളിൽ എത്ര മാത്രം പാലിക്കപ്പെടുന്നു, ലംഘിക്കപ്പെടുന്നു എന്നാണ് ഇന്ന് അന്വേഷിച്ചത്.

ഇത്തരം കാര്യങ്ങൾ പൊതുജനങ്ങളറിയണം. നിയമം ഒന്ന് അനുഭവം മറ്റൊന്ന് എന്നതാണ് ഇവിടെയും പതിവ്. നിയമലംഘനങ്ങളുടെ ഒരു പരമ്പരയാണ് ഇന്ന് ഓരോ ദിവസത്തെയും പൊതു അനുഭവത്തെ സ്വരൂപിക്കുന്നത്. ജനങ്ങൾ ചിന്തിക്കാനും പ്രതികരിക്കാനും പ്രേരിപ്പിക്കപ്പെട്ടാൽ സ്ഥിതി മെച്ചപ്പെടും എന്ന പ്രത്യാശയാണ് ഈ പഠനത്തിന്റെ പിൻബലം.

പൊതുജനങ്ങൾ, ട്രാഫിക് പോലീസുകാർ, പ്രൈവറ്റ് ബസ് ഡ്രൈവർമാർ എന്നിവരെ കേന്ദ്രീകരിച്ചാണ് ജനനീതി ഈ പഠനം നടത്തിയത്. ഓരോ വിഭാഗത്തിനും അറിവും അനുഭവവും അഭിപ്രായവും പ്രകാശിപ്പിക്കാൻ സഹായകമാവും വിധത്തിൽ പ്രത്യേക ചോദ്യാവലികൾ തയ്യാറാക്കി. സി.എം.എസ്. ഹയർ സെക്കൻഡറി സ്കൂൾ, തൃശൂർ, സൽസബീൽ സ്കൂൾ, മുണ്ടൂർ, കസ്തൂർബാ മെമ്മോറിയൽ ഹിന്ദി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, നെടുപുഴ, എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി - വിദ്യാർത്ഥിനികളുടെ സജീവ സഹകരണത്തോടെയാണ് സർവ്വെ നടത്തിയത്. ഈ പഠന റിപ്പോർട്ടിനാധാരം ഈ സർവ്വെയിൽ ലഭിച്ച വിവരങ്ങളാണ്. നിയമം സുന്ദരവും അനുഭവം അസുന്ദരവുമായിരിക്കുന്ന സമകാലിക പൊതുയാഥാർത്ഥ്യമാണ് ഈ പഠനത്തിലും വെളിപ്പെടുന്നത്. ഉചിതവും ഉത്തരവാദിത്വപൂർണ്ണവുമായ ഇടപെടൽ പരിഹാരത്തിന് വഴി തുറക്കും.

## വിശകലനം

**പോലീസ് സേനാംഗങ്ങൾ :**

- ശബ്ദവും പുകയും ജോലിസാഹചര്യങ്ങളിൽ പ്രതികൂല പരിസ്ഥിതി സൃഷ്ടിക്കുന്നു എന്ന് ഭൂരിഭാഗം ട്രാഫിക് പോലീസുകാരും അഭിപ്രായപ്പെട്ടു.
- 92.31% ട്രാഫിക് പോലീസ് അംഗങ്ങൾക്ക് തിരക്കുള്ള സ്ഥലങ്ങളിൽ ജോലി ചെയ്യുമ്പോൾ വാഹനങ്ങളിൽ നിന്നുള്ള ശബ്ദവും പുകയും അസ്വസ്ഥത സൃഷ്ടിക്കുന്നു.
- നിയമത്തിൽ അനുവദനീയമായതിനാലും ഉയർന്ന തീവ്രതയുള്ള ഹോണുകൾ വാഹനങ്ങളിൽ ഉപയോഗിക്കുന്നതായി 87.18% പോലീസിനും അഭിപ്രായമുണ്ട്. **ഇതേ സമയം തന്നെ ശബ്ദ - വായു മലിനീകരണം അളക്കുന്നതിനുള്ള യന്ത്രസംവിധാനം പോലീസിനില്ല എന്നായിരുന്നു 100% പ്രതികരണവും.**
- ശബ്ദ-വായു മലിനീകരണം നിയന്ത്രിക്കുന്ന കാര്യത്തിൽ പോലീസ് സ്വീകരിക്കുന്ന നടപടികൾ പര്യാപ്തമല്ല എന്ന് പകുതിയിലേറെ പോലീസുകാർക്ക് അഭിപ്രായമുണ്ട്.
- നിയമങ്ങൾ നിലവിലുണ്ടെങ്കിലും പോലീസിൽ പ്രസ്തുത നിയമങ്ങളെക്കുറിച്ച് ബോധവല്ക്കരണം നടത്തുന്നില്ല എന്ന് 76.92% സേനാംഗങ്ങളും അഭിപ്രായം രേഖപ്പെടുത്തി.
- മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റിനെ വിശ്വസിക്കാമെന്ന് 64.1% പോലീസുകാരും അഭിപ്രായപ്പെട്ടുവെങ്കിലും 25 രൂപ കൊടുത്താൽ കിട്ടുന്ന ഒരു സർട്ടിഫിക്കറ്റാണിതെന്നും, അഥവാ പിടിക്കപ്പെട്ടാൽ തന്നെ 500 രൂപ പിഴ നൽകിയാൽ മതിയെന്നും അഭിപ്രായമുണ്ടായി.
- സർട്ടിഫിക്കറ്റ് സൂക്ഷിക്കുന്ന വാഹനങ്ങളിലും ഇന്ധനമായി മണ്ണെണ്ണ ഉപയോഗിക്കുന്നുവെന്നും അഭിപ്രായം ഉണ്ടായി.

## ഡ്രൈവർമാർ :

- നഗരത്തിൽ ഓടുന്ന 50 ബസ്സുകളിലെ ഡ്രൈവർമാർക്കിടയിൽ നടത്തിയ പഠനത്തിൽ 18% പേർക്ക് കേൾവിക്കുറവും ഉറക്കക്കുറവും ഉള്ളതായി അഭിപ്രായപ്പെട്ടു.
- 42% പേർക്ക് കണ്ണെരിച്ചിൽ തുമ്മൽ ശ്വാസതടസ്സം എന്നിവ അനുഭവപ്പെടാറുണ്ട്. വണ്ടികളിലെ പുകയും ശബ്ദവും 30% ത്തിലധികം ഡ്രൈവർമാർക്ക് അസ്വസ്ഥത ഉണ്ടാക്കുന്നുണ്ട്.
- നിയമം നിർബന്ധമാക്കിയ പുക പരിശോധന നടത്തുന്ന രീതിയിൽ 40% ഡ്രൈവർമാരും തൃപ്തരല്ല. 50 രൂപ കൊടുത്താൽ പരിശോധന നടത്താതെ ലഭിക്കുന്ന ഒന്നാണ് പുക പരിശോധന സർട്ടിഫിക്കറ്റ് എന്ന് അഭിപ്രായമുയർന്നു.
- ഗതാഗതത്തിരക്കിൽ മറ്റു വാഹനങ്ങളിലെ പുകയും ശബ്ദവും 54% ഡ്രൈവർമാർക്കും അലോസരം ഉണ്ടാക്കുന്നുണ്ട്.
- ഇത്രയൊക്കെ ഇതര വണ്ടിക്കാരെക്കുറിച്ച് പറഞ്ഞെങ്കിലും 78% പേരും സ്വന്തം നിയന്ത്രണത്തിലുള്ള വണ്ടിയിൽ എയർഹോൺ ഘടിപ്പിച്ചിരിക്കുന്നു എന്ന വസ്തുതയും പഠനത്തിൽ വെളിവായി.
- ഗതാഗത തടസ്സമുണ്ടാകുമ്പോൾ 44% ഡ്രൈവർമാരും എയർ ഹോൺ മുഴക്കുന്നവരാണ്.
- നിയമം അനുവദിച്ചിട്ടുള്ള ബൾബ് ഹോൺ, ഇലക്ട്രിക് ഹോൺ എന്നിവ വണ്ടിയുടെ രജിസ്ട്രേഷൻ/ടെസ്റ്റ് സമയത്ത് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. അനുവദിച്ചിട്ടില്ലാത്ത ഹോണുകൾ ഘടിപ്പിക്കുന്നതിന് വിലക്കും ഉണ്ട്. **എന്നാൽ രജിസ്ട്രേഷൻ/ടെസ്റ്റിന് ശേഷം നിയമവിരുദ്ധമായ ഹോണുകളാണ് 78% പേരും ഉപയോഗിക്കുന്നതെന്ന് അന്വേഷണത്തിൽ വ്യക്തമായി.**

## പൊതുജനം :

- നഗരത്തിലെ പൊതുജനങ്ങൾക്കിടയിൽ നടത്തിയ സർവ്വെയിൽ 74% പേർക്കും ശബ്ദ നിയന്ത്രണം നടപ്പിൽ വരുത്താനുള്ള നിയമം നിലവിലുള്ളതായി അറിയാമെന്നും 78% ശതമാനം പേർ ശബ്ദമലിനീകരണത്തിനെതിരെ പരാതിപ്പെടാനാകുമെന്നും രേഖപ്പെടുത്തി.
- നിയമലംഘനങ്ങൾക്ക് എതിരെയുള്ള പരിഹാരമാർഗ്ഗങ്ങൾ ഭൂരിപക്ഷം പേർക്കും അറിയാമെങ്കിലും 8% പേർ മാത്രമാണ് എപ്പോഴെങ്കിലും പരാതിപ്പെടാൻ തയ്യാറായത്. പരാതികളിലെല്ലാം തന്നെ അധികാരികൾ നടപടിയെടുത്തു എന്നാണ് സർവ്വെയിൽ ബോധ്യപ്പെട്ടത്.
- 56% പേർക്കാകട്ടെ പ്രതികരിച്ചാലും നടപടിയെടുക്കില്ല എന്ന അഭിപ്രായമാണുള്ളത്.
- 88% പേർക്കും ബസ്സുകളിലെ എയർ ഹോണുകളെക്കുറിച്ചും 96% പേർക്ക് പുകയെക്കുറിച്ചും പരാതിയുള്ളവരാണ്.
- ശബ്ദ - വായു മലിനീകരണം ആരോഗ്യക്ഷയം സൃഷ്ടിക്കുമെന്ന് 94% ആളുകളും അഭിപ്രായപ്പെടുകയും 74% പേർ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അസുഖം ഉണ്ടായിട്ടുള്ളവരുമാണ് എന്ന് രേഖപ്പെടുത്തുകയും ചെയ്തു.

**ശബ്ദ - വായു മലിനീകരണങ്ങൾ നിയന്ത്രിക്കുന്നതിനായി നിരവധി നിയമങ്ങളും സാധ്യതകളുമുണ്ട്. The Air (Prevention and Control of Pollution) Act 1981 -ൽ നിലവിൽ വന്നു. ഈ നിയമത്തിൻ കീഴിൽ പൊല്യൂഷൻ കൺട്രോൾ ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. വാഹനങ്ങളിൽ നിന്നുള്ള പുറം തള്ളലുകൾ നിയന്ത്രിക്കാനുള്ള സ്റ്റാൻഡാർഡുകൾ നിശ്ചയിക്കാൻ 20-ാം വകുപ്പ് ബോർഡിന് അധികാരം നൽകുന്നു. മോട്ടോർ വാഹനങ്ങളെക്കുറിച്ചുള്ള 1989 -ലെ കേന്ദ്രചട്ടങ്ങളിൽ 115, 116 എന്നീ ചട്ടങ്ങളിലായി വാഹനങ്ങളിൽ നിന്നും വമിക്കാവുന്ന പുക നീരാവി എന്നിവയുടെ തോതിനെക്കുറിച്ച് നിഷ്ക്കർഷിക്കുന്നുണ്ട്.**

**വാഹനങ്ങളിൽ ഉപയോഗിക്കാൻ അനുവദനീയമായ ഹോണുകളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശം 119-ാം ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1989-ലെ റൂൾസ് ഓഫ് റോഡ് റെഗുലേഷനിലും അസുഖകരമായ ശബ്ദങ്ങൾ സൃഷ്ടിക്കുന്ന ഹോണുകൾ ഉപയോഗിക്കുന്നത് വിലക്കിയിട്ടുണ്ട്. തത്തുല്യമായ വകുപ്പ് കേരള മോട്ടോർ വെഹിക്കിൾ റൂളിലും കാണാം. പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളിൽ 6-ാം ഷെഡ്യൂളുമായി മോട്ടോർ വാഹനങ്ങൾ പുറപ്പെടുവിക്കാവുന്ന ശബ്ദത്തിന്റെ പരിധിയും നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഈ നിയമങ്ങളുടെ ലംഘനം ചോദ്യം ചെയ്യപ്പെടാവുന്നവയും ശിക്ഷാർഹവുമാണ്.** ■

## തീവ്രശബ്ദം ആരോഗ്യത്തിന് ഭീഷണിയുയർത്തുന്നു

**– ജനനീതി സർവ്വെ**

**ജനനീതിയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും സംയുക്തമായി ലോക പരിസ്ഥിതി ദിനത്തിൽ തൃശൂർ നഗരത്തിലെ വാഹനങ്ങളിലെ ശബ്ദ മലിനീകരണ പരിശോധന നടത്തി.**

**നഗരത്തിലെ തെരുവുകളിൽ 80 മുതൽ 85 db വരെ ശബ്ദമാണ് വാഹനങ്ങൾ ഉണ്ടാക്കുന്നത്.**

**നഗരങ്ങളിൽ അനുവദനീയമായ ശബ്ദ തീവ്രത 60 db മാത്രമാണ്. മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി തുടങ്ങിയ ഹോൺ നിരോധിത മേഖലയിൽ പോലും 104 db വരെ ശബ്ദമുള്ള എയർ ഹോണുകൾ ഉപയോഗിക്കുന്നതായി കണ്ടെത്തി. ഈ മേഖലയിൽ അനുവദനീയമായ തോത് പകൽ സമയം 50 db യും രാത്രി 40 db യുമാണ്. നഗരത്തിൽ ഒരു സ്കൂളിനടുത്ത് ഉപയോഗിച്ച ഉച്ചഭാഷിണി 120 db ശബ്ദ തീവ്രത രേഖപ്പെടുത്തി.**

**എയർ ഹോണുകൾ നിരോധിക്കപ്പെട്ടതാണെങ്കിലും 95 db മുതൽ 104 db വരെ ശബ്ദം രേഖപ്പെടുത്തിയ എയർ ഹോണുകൾ ആശുപത്രി പരിസരങ്ങളിൽ പോലും മുഴങ്ങിക്കേട്ടു.**

**80 db ക്കു മുകളിലുള്ള ശബ്ദം മനുഷ്യരിൽ ബധിരത, നാഡീതളർച്ച, പെരുമാറ്റ വൈകല്യങ്ങൾ, രക്ത സമ്മർദ്ദം എന്നിവ ഉണ്ടാക്കുന്നതായി ശാസ്ത്രം കണ്ടുപിടിച്ചിട്ടുണ്ട്.**

**എയർ ഹോണുകൾ നിയമം മൂലം നിരോധിക്കപ്പെട്ടതാണെങ്കിലും നിയമം നടപ്പിലാക്കേണ്ടവർ അതിന് തുനിയുന്നില്ല എന്ന് ജനനീതി നടത്തിയ സർവ്വെയിൽ കണ്ടെത്തി.** ■

# കുട്ടികളുടെ അവകാശങ്ങൾ

## അഡ്വ. ജാസ്മിൻ ജോസഫ്

**പെ**ൺകുട്ടികൾ കുറയുന്ന സൂചികയാകണം, കേന്ദ്രസർക്കാരിനെ ബാലികാ സമൃദ്ധി യോജന എന്ന പദ്ധതി നടപ്പിലാക്കാൻ പ്രേരിപ്പിച്ചത്. സംസ്ഥാനത്തൊട്ടാകെ ഈ പദ്ധതിയുടെ വിശദാംശങ്ങൾ ജനങ്ങളെ അറിയിക്കുന്നതിന് പഞ്ചായത്തുകൾ ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്. കുട്ടികളുടെ അവകാശങ്ങൾ ഈ സെമിനാറുകളിൽ പ്രധാന വിഷയമാണ്. മതിലകം, ചേർപ്പ്, വടക്കാഞ്ചേരി ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിൽ കുട്ടികളുടെ അവകാശം എന്ന വിഷയം കൈകാര്യം ചെയ്തത് ജനനീതിയായിരുന്നു. പെൺകുട്ടികളുടെ നിക്ഷേധിക്കപ്പെടുന്ന അവകാശങ്ങളായിരുന്നു ഈ വേദികളിൽ കൂടുതൽ പരാമർശവിഷയമായത്.

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്രഉടമ്പടിയുടെ പ്രധാന തത്വങ്ങളായ ജീവിക്കാനും സ്വന്തം കഴിവുകളെ വികസിപ്പിച്ചെടുക്കാനുമുള്ള അവകാശം, വിവേചനങ്ങളില്ലാത്ത സാഹചര്യം, കുട്ടികളെ ബാധിക്കുന്ന മുഴുവൻ തീരുമാനങ്ങളും അവരുടെ ക്ഷേമത്തിനുതകുന്നതാകണം, കുട്ടികളുടെ കാഴ്ചപ്പാടും ഇംഗിതവും ഉൾകൊണ്ടു വേണം അവരെ സംബന്ധിക്കുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് എന്നിവയെക്കുറിച്ച് ചർച്ചകൾ നടന്നു. കുട്ടികളെ സംബന്ധിക്കുന്ന വിഷയങ്ങളിൽ തീരുമാനം എടുക്കുമ്പോൾ അവരുടെ അഭിപ്രായങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽകേണ്ടതാണെന്ന തത്വം പ്രയോഗത്തിൽ വരുത്തുന്നതിനെ അധികരിച്ച് വിരുദ്ധാഭിപ്രായങ്ങളാണ് ചർച്ചയിൽ ഉയർന്നത്. തീരുമാനങ്ങളിൽ അഭിപ്രായം പ്രകടിപ്പിക്കാനുള്ള പക്വത കുട്ടികൾക്കില്ല എന്ന് സ്ഥാപിക്കാനാണ് ബഹുഭൂരിപക്ഷവും ശ്രമിച്ചത്. ഇവിടെ കുട്ടികളുടെ ലിംഗ വ്യത്യാസം പ്രധാന വിഷയമാണ്. പെൺകുട്ടികൾക്ക് വേണ്ടി തീരുമാനങ്ങൾ എടുക്കുന്നതിൽ അസ്വഭാവികതയൊന്നും മാതാപിതാക്കളിൽ കണ്ടില്ല. ഇന്നത്തെക്കാലത്ത് പെൺകുട്ടികളും തിരികെ ചോദിച്ചുതുടങ്ങി എന്നും 'പരാതി'യുണ്ടായി. എന്നാൽ ആൺകുട്ടികൾ മുതിർന്നാൽ അവരോട് ചോദിക്കുന്നതിൽ തെറ്റില്ല എന്നും അഭിപ്രായം ഉയർന്നു.

ബാലനീതി നിയമത്തിന്റെ പ്രധാന ഭാഗങ്ങളും, ബാലവേല സംബന്ധിച്ച നിയമവ്യവസ്ഥകളും കുട്ടികളുടെ അവകാശങ്ങളിൽ വിഷയമായി.

ഇന്ത്യ കൂടി ഒപ്പ് വെച്ച 1990 ലെ കുട്ടികളുടെ അവകാശം സംബന്ധിച്ച ഐക്യരാഷ്ട്ര സഭയുടെ കൺവെൻഷനിൽ 42 വകുപ്പുകളിലായി വ്യത്യസ്ത അവകാശങ്ങൾ എഴുതിചേർക്കപ്പെട്ടിട്ടുണ്ട്.

- 18 വയസ്സിന് താഴെയുള്ള എല്ലാവരേയും കുട്ടികളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
- വിവേചനം യാതൊന്നുമില്ലാതെ ഈ ഉടമ്പടിയിലെ അവകാശങ്ങൾ പ്രാവർത്തികമാക്കാൻ സർക്കാരുകൾക്ക് ചുമതലയുണ്ട്.
- പൊതു, സ്വകാര്യ, ക്ഷേമ സ്ഥാപനങ്ങൾ, കോടതികൾ, നിയമനിർമ്മാണ സഭ എന്നിവ കുട്ടികളുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്വീകരിക്കുന്ന തീരുമാനങ്ങൾ കുട്ടികളുടെ ഗുണത്തിന് മതിയായ പരിഗണന നൽകികൊണ്ടാകണം. കുട്ടികളുടെ ക്ഷേമത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഈ സ്ഥാപനങ്ങൾ ബാദ്ധ്യസ്ഥമാണ്.
- കുട്ടിയെ നിയമപരമായി സംരക്ഷിക്കുന്ന ആളുടെ അവകാശങ്ങളും ചുമതലകളും രാഷ്ട്രം ബഹുമാനിക്കണം.
- ജീവിക്കാനുള്ള ജന്മാവകാശം അംഗീകരിക്കപ്പെടണം. കുട്ടികളുടെ വികസനത്തിനും, അതിജീവനത്തിനും സാദ്ധ്യമായ നടപടികൾ സ്വീകരിക്കപ്പെടണം.
- പേരിനും, പൗരത്വത്തിനും എല്ലാ കുട്ടികൾക്കും ജനനത്തോടെ അവകാശം ലഭിക്കുന്നു.
- നിയമപ്രക്രിയയിലൂടെയല്ലാതെ കുട്ടികളെ അവരുടെ ഇഷ്ടത്തിന് വിരുദ്ധമായി മാതാപിതാക്കളിൽ നിന്ന് വേർപെടുത്താൻ പാടില്ല.
- കുട്ടികളെ നിയമവിരുദ്ധമായി വിദേശത്തേയ്ക്ക് കൊണ്ടുപോകുന്നത് തടയണം.
- കുട്ടികൾക്ക് അഭിപ്രായ രൂപീകരണത്തിനും, അഭിപ്രായ പ്രകടനത്തിനും ഉള്ള അവസരം നൽകുകയും ഈ അഭിപ്രായത്തിന് മതിയായ പരിഗണന നൽകുകയും വേണം.
- വിജ്ഞാനം നേടുവാനും വിവിധ മാധ്യമങ്ങൾ മുഖേന ആശയങ്ങൾ പ്രകടിപ്പിക്കുവാനും ഉള്ള സ്വാതന്ത്ര്യം കുട്ടികളുടെ അവകാശമാണ്.
- കുട്ടികൾക്ക് ചിന്തിക്കാനുള്ള സ്വാതന്ത്ര്യവും, മനസാക്ഷിയ്ക്കനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ഉണ്ട്. ഈ സ്വാതന്ത്ര്യങ്ങൾ ശരിയായി വിനിയോഗിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ മാതാപിതാക്കൾക്ക് അവകാശമുണ്ട്.
- സമാധാനപരമായി സംഘടിക്കാൻ കുട്ടികൾക്കുള്ള സ്വാതന്ത്ര്യത്തിൽ അസാധാരണ നിയന്ത്രണങ്ങൾ പാടില്ല.
- കുട്ടികൾക്ക് സ്വകാര്യതയ്ക്കുള്ള അവകാശമുണ്ട്. കുട്ടികളുടെ സൽപേരിനെ കളങ്കപ്പെടുത്താൻ പാടില്ല.
- മാധ്യമങ്ങൾക്ക് കുട്ടികളുടെ സാമൂഹിക, ഭൗതിക, ആദ്ധ്യാത്മിക വളർച്ചയിൽ ക്രിയാത്മകമായ പങ്ക് നിർവ്വഹിക്കാനുണ്ട്.
- കുട്ടിയെ വളർത്തുന്നതിൽ മാതാവിനും പിതാവിനും തുല്യപങ്കാളിത്തവുമുണ്ട്.
- കുട്ടികളെ ചൂഷണങ്ങളിൽ നിന്ന് സംരക്ഷിക്കുവാൻ അനുയോജ്യമായ നിയമനിർമ്മാണം നടത്തുവാൻ സർക്കാരിന് ബാദ്ധ്യതയുണ്ട്.
- കുടുംബം നഷ്ടപ്പെടുന്ന പക്ഷം പ്രത്യേക സംരക്ഷണ സാഹചര്യങ്ങൾ നൽകാൻ സർക്കാരിന് ചുമതലയുണ്ട്.
- ദത്തെടുക്കൽ അംഗീകരിക്കേണ്ടതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമാണ്.
- ശാരീരിക/മാനസിക അവശത അനുഭവിക്കുന്ന കുട്ടികൾക്കായി പ്രത്യേക നടപടികൾ സ്വീകരിക്കാൻ സർക്കാരുകൾക്ക് ബാദ്ധ്യതയുണ്ട്.
- കുട്ടികളുടെ ആരോഗ്യസംരക്ഷണം സർക്കാരുകളുടെ പ്രധാന ചുമതലയാണ്.
- പൂർണ്ണ അവസരങ്ങളോടെ, കുട്ടികളുടെ വികസനത്തിനാവശ്യമായ ജീവിത നിലവാരം സൃഷ്ടിക്കാൻ സർക്കാരുകൾ ശ്രദ്ധിക്കണം.
- എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള അവകാശമുണ്ട്. വിദ്യാഭ്യാസത്തിന് നിയതമായ ലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം.
- ന്യൂനപക്ഷങ്ങളും, അവശ വിഭാഗങ്ങളും നിലനിൽക്കുന്നു എങ്കിൽ അവയിലെ കുട്ടികൾക്ക് മറ്റു വിഭാഗങ്ങളിലെ കുട്ടികൾക്ക് ലഭിക്കുന്ന അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല.
- വിശ്രമത്തിനും, വിനോദത്തിനും കുട്ടികൾക്ക് അവകാശമുണ്ട്.
- തൊഴിൽ മേഖലയിലെ ചൂഷണങ്ങളിൽ നിന്ന് സംരക്ഷണം നൽകണം.
- മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിനാവശ്യമായ നിയമനിർമ്മാണവും മറ്റ് മുൻകരുതലുകളും സ്വീകരിക്കപ്പെടണം.
- ലൈംഗിക ചൂഷണങ്ങളിൽ നിന്നും, ലൈംഗിക പീഡനങ്ങളിൽ നിന്നും കുട്ടികൾക്ക് സംരക്ഷണം ആവശ്യമാണ്.
- കുട്ടികളെ വിൽപ്പനച്ചരക്കാക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കാൻ രാഷ്ട്രങ്ങൾക്ക് കടമയുണ്ട്.
- ക്ഷേമത്തിന് എതിരായ എല്ലാ വിധത്തിലുമുള്ള ചൂഷണങ്ങളിൽ നിന്ന് സംരക്ഷണം കുട്ടികളുടെ അവകാശമാണ്.
- കുട്ടികളുമായി കൃത്യനിർവ്വഹണത്തിനിടയിൽ ഇടപെടേണ്ടി വരുന്ന നിയമ - നീതിന്യായ സംവിധാനത്തിലെ ഉദ്യോഗസ്ഥർക്കായി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടാകണം.
- സായുധ കലാപത്തിനും, സേനകളുടെ റിക്രൂട്ട്മെന്റിലും കുട്ടികളുടെ അവകാശങ്ങൾ ഹനിക്കപ്പെടാതിരിക്കാൻ ബദ്ധശ്രദ്ധ ആവശ്യമാണ്.
- കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾ പൗരന്മാർ അറിയാൻ യുക്തമായ നടപടികൾ സർക്കാരുകൾ സ്വീകരിക്കണം. ■

# ഹോം നഴ്സിങ്ങ് വ്യവസായം

## സേവനം, വേതനം, ചൂഷണം

**ഷീന ചെറിയാൻ**

**ഇ**ന്ത്യയിലെ അസംഘടിത തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന ചൂഷണം, ഞെട്ടിക്കുന്ന വിധത്തിൽ ഉയർന്നതാണ്. ഭരണകൂടം തൊഴിൽദായക പരിവേഷം ഉപേക്ഷിച്ചിരിക്കുന്നു. ഇന്ത്യൻ സാമ്പത്തികരംഗം പുതിയ വാണിജ്യസമ്പ്രദായങ്ങൾക്ക് തുറന്നുകൊടുത്തിരിക്കുന്നു. ഇത് 'തൊഴിലിനായുള്ള അവകാശങ്ങളെ' സാരമായി മാറ്റിയിട്ടുണ്ട്. സമകാലിക ഉപഭോക്തൃ സംസ്കാരത്തോട് ആഭിമുഖ്യം പുലർത്തുന്ന കുടുംബങ്ങൾ വ്യക്തിഗത സേവന മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ ഒരുക്കുന്നുണ്ട്. 'ഹോം നേഴ്സിങ്ങ്' ഇക്കാലത്ത് കേരളത്തിൽ ഏറെ ഉപയോഗപ്പെടുന്നതായ, ഇത്തരത്തിലുള്ള ഒരു സേവനമേഖലയാണ്. നിക്ഷേപകരായ ഒരുപാടുപേർ കേരളത്തിൽ ഈ മേഖലയിൽ ഇടപെടുന്നുണ്ട്. മൂലധനത്തിന്റെ പരിമിതമായ ആവശ്യവും മനുഷ്യവിഭവശേഷിയുടെ - പ്രത്യേകിച്ചും സ്ത്രീകളുടെ - അപരിമിതത്വവും തൊഴിൽ വൈദഗ്ദ്ധ്യത്തിന്റെ ആവശ്യമില്ലായ്മയും ഈ കച്ചവടത്തെ എളുപ്പമുള്ളതാക്കുന്നു. മറ്റു സേവന മേഖലകളെന്ന പോലെ 'ഹോം നഴ്സിങ്ങി'ന്റെയും ഉത്ഭവം പടിഞ്ഞാറൻ നാടുകളിലാണുണ്ടായത്. രോഗികളെ പരിചരണത്തിനായി ആശുപത്രിയിലാക്കുന്നതിനു പകരം സ്വന്തം വീടുകളിൽ അവർക്ക് പരിചരണം നല്കുക എന്നുള്ളതായിരുന്നു ലക്ഷ്യം. അതുപോലെ തന്നെ രോഗികളെ പെട്ടെന്ന് ആശുപത്രികളിൽ നിന്നും പുറത്തുകൊണ്ടുവരുവാനും ഇത്തരമൊരു സേവന മേഖല സൗകര്യമൊരുക്കി. മുറിവുകളെയും ശ്വാസകോശപ്രശ്നങ്ങളെയും നേരിടുവാനറിയാവുന്നവരും സാധാരണ ശുശ്രൂഷകളിലും പ്രശമന സംരക്ഷണത്തിലുമൊക്കെ വൈദഗ്ദ്ധ്യം നേടിയവരുമായ നേഴ്സുമാരായിരുന്നു അവിടങ്ങളിൽ ശുശ്രൂഷകരായി എത്തിയിരുന്നത്.

കേരളത്തിൽ, ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തിലേതിനേക്കാളേറെ 'ഹോം നേഴ്സിങ്' വ്യാപകമാവുകയാണ്. ഹോം നേഴ്സുകളുടെ ആവശ്യക്കാരായി എത്തുന്നത് മറ്റെവിടെയെങ്കിലും സ്ഥിരതാമസമാക്കിയ മക്കളുള്ള വൃദ്ധമാതാപിതാക്കളും ഗർഭിണികളായ സ്ത്രീകളുമാണ്. ഗർഭിണികളായവരുടെ ഗർഭകാലങ്ങളിലും പ്രസവാനന്തരവും അവരെ ശുശ്രൂഷിക്കുന്നതിന് കുടുംബാംഗങ്ങൾ 'ഹോം നഴ്സു'കളെ ഏർപ്പെടുത്താറുണ്ട്. ഇതെല്ലാം കേരളത്തിൽ മാറികൊണ്ടിരിക്കുന്ന ജീവിതരീതികളെ സൂചിപ്പിക്കുന്നു. കുടുംബത്തിൽ ശുശ്രൂഷയും താങ്ങും ആവശ്യമായിരുന്നവർക്ക് മുൻകാലങ്ങളിൽ അവയൊക്കെ പ്രദാനം ചെയ്തിരുന്നത് കുടുംബാംഗങ്ങൾ തന്നെയായിരുന്നു. എന്നാൽ ഇന്ന് എന്തും വാങ്ങാൻ കിട്ടുന്നതായി തീർന്നിരിക്കുന്നു. അതുകൊണ്ട് തന്നെ ജീവിതത്തെ കൂടുതൽ സുഗമമാക്കുന്നതായ ഇത്തരം സൗകര്യങ്ങൾ സ്വീകരിക്കുവാൻ ആളുകൾ തല്പരരാകുന്നു. 'ഹോം നേഴ്സ്' അത്തരം പല ഉല്പന്നങ്ങളിൽ ഒന്നുമാത്രമാണ് 'ഹോംനേഴ്സു'കളെ പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ളതായ പെരുപ്പം, ഹോം നഴ്സുകൾക്കും അവരെ പ്രദാനം ചെയ്യുന്ന ഏജൻസികൾക്കും അവരുടെ സേവനം സ്വീകരിക്കുന്ന രോഗികൾക്കും/ രോഗികളുടെ കുടുംബങ്ങൾക്കും ഒട്ടേറെ പ്രശ്നങ്ങൾ ഉളവാക്കുന്നുണ്ട്.

പഠനത്തിന്റെ സൗകര്യാർത്ഥം ഈ മേഖലയിലിടപെടുന്നവരെ മൂന്നുവിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.

1. ഹോം നഴ്സുകൾ
2. ഉപഭോക്തൃ വിഭാഗം (രോഗിയും രോഗിയുടെ കുടുംബവും)
3. സ്ഥാപനങ്ങൾ ഹോംനഴ്സുകളെ കൊടുക്കുന്നു.

### വേതന വിതരണത്തിലെ അപാകതകൾ

വേതനത്തിന്റെ അലഭ്യതയോ വേതനം ലഭിക്കുന്നതിലെ കാലതാമസമോ ആണ് കൂടുതൽ ഹോം നഴ്സുകളും ഉയർത്തിയ പ്രധാനപ്പെട്ട ഒരു പരാതി. ഏജൻസികൾ ഇടനിലക്കാർ എന്ന നിലയിലാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. ഉപഭോക്താക്കളിൽ നിന്നും വിവിധ കാര്യങ്ങൾക്കായി അവർ പണം ഈടാക്കുന്നുണ്ട്. എന്നാൽ അതൊന്നും ഹോം നഴ്സുകൾക്ക് ലഭിക്കുന്നില്ല. ഇത്തരത്തിൽ ലഭിക്കുന്ന പണം മറ്റു പല കാര്യങ്ങൾക്കുമായി ഉപയോഗിക്കുന്നുവെന്ന് ഒരേജൻസിയുടെ നടത്തിപ്പുകാരൻ പറയുകയുണ്ടായി. അതിനുള്ള ന്യായീകരണമെന്ന നിലയിൽ അയാൾ പറഞ്ഞത് ഹോം നേഴ്സുകൾ തൊഴിലില്ലാതിരിക്കുന്ന കാലയളവിൽ സ്ഥാപനം അവർക്ക് ഭക്ഷണവും താമസസൗകര്യങ്ങളും നൽകുന്നുണ്ട് എന്നാണ്. അതുകൊണ്ട് തന്നെ ഇടപാടുകൾ സമയാസമയങ്ങളിൽ തീർക്കേണ്ടതില്ല എന്നതാണയാളുടെ അഭിപ്രായം. ഈ യുക്തി സമ്മർദ്ദതന്ത്രത്തിന്റേതാണ്. നഴ്സായി പ്രവർത്തിക്കുന്നവർക്ക് വിലപേശുന്നതിനുള്ള സാഹചര്യമില്ലായ്മയേയും ഇത് വ്യക്തമാക്കുന്നു.

### ഈ പ്രശ്നത്തെ വ്യക്തമാക്കുന്ന ഒരു സംഭവം:

കഴിഞ്ഞ നാല് മാസമായി വേതനം ലഭിച്ചിട്ടില്ല എന്ന് ലളിത എന്ന ഒരു ഹോം നേഴ്സ് പരാതിപ്പെടുകയുണ്ടായി. അവൾ? ഹോം നഴ്സായി ജോലിചെയ്തുകൊണ്ടിരിക്കുന്ന കുടുംബം ഏജൻസിയുടെ പക്കൽ പണം സ്ഥിരമായി കെട്ടിവെയ്ക്കാറുണ്ട്. എന്നാൽ ലളിതക്ക് ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഉപഭോക്താവ് പണം നേരിട്ട് ലളിതക്ക് നൽകാമെന്നു പറയുന്നുവെങ്കിലും ഏജൻസിയുടെ ആൾക്കാർ അതു സമ്മതിക്കുന്നില്ല. ഇത് ഏജൻസികളുടെ താൽപര്യങ്ങൾ വ്യക്തമാക്കുന്നു. ഒരു സർക്കാരിതര സ്ഥാപനത്തിലെ തർക്ക പരിഹാര ഫോറത്തിനു മുമ്പാകെ സ്ഥാപനത്തിന്റെ നടത്തിപ്പുക്കാരൻ പറഞ്ഞത് അയാളുടെ സ്ഥാപനത്തിൽ കഴിഞ്ഞ പത്തുമാസമായി വേതനം ലഭിക്കാതെ ജോലിയെടുക്കുന്നവരുണ്ടെന്നാണ്. ഈ പഠനത്തിനായി നടത്തിയ ഒരു അഭിമുഖത്തിൽ ഇത്തരത്തിൽ ലഭിക്കുന്ന പണം മറ്റു കാര്യങ്ങൾക്കായി ചിലവിടുകയാണ് താനെന്നും അതുകൊണ്ടാണ് ഹോം നേഴ്സുകൾക്ക് പണം കൊടുക്കാത്തതെന്നും സ്ഥാപനത്തിന്റെ നടത്തിപ്പുക്കാരൻ വ്യക്തമാക്കുകയുണ്ടായി.

മിക്കവാറും എല്ലാ ഏജൻസികളും ജോലിയില്ലാത്ത അവസരങ്ങളിൽ സ്ത്രീകൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തികൊടുക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്നതായ ഹോസ്റ്റൽ സൗകര്യമാണ് വേതനം ലഭിക്കാത്തപ്പോഴും ജോലിയിൽ തുടരുവാൻ അവരെ നിർബന്ധിതരാക്കുന്നത്. അവരിൽ പലരും വിദൂര പ്രദേശങ്ങളിൽ നിന്നും വന്നവരോ പോകാനിടമില്ലാത്ത അനാഥരോ ആണ്. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള എല്ലാ ബുദ്ധിമുട്ടുകളും അവർക്ക് സഹിക്കേണ്ടിവരുന്നു.

ഈ മേഖലയിൽ തൊഴിലിൽ ഏർപ്പെടുന്നവർ പൂർണ്ണമായും സ്ത്രീകളാണ്. ലൈംഗിക ചൂഷണത്തിന്റെ തായ സാഹചര്യം വ്യക്തമാണ്. പഠനത്തിന്റെ ഭാഗമായി നടത്തിയ അഭിമുഖത്തിൽ ഒരു ചോദ്യത്തിന് ലഭിച്ച ഉത്തരം ഇതിന് തെളിവാണ്. 17നും 18നും ഇടയിൽ പ്രായമുള്ള പെൺകുട്ടികളാണ് ഈ മേഖലയിൽ സ്വാഭാവികമായും എത്തിപ്പെടുന്നത്. ഗാർഹികസേവനത്തിലേർപ്പെടുന്ന ഇത്തരം സ്ത്രീകൾ നടത്തുന്ന കളവുകൾ വളരെ സാധാരണമാണോ എന്ന ചോദ്യത്തിന് സ്ഥാപനത്തിന്റെ നടത്തിപ്പുക്കാരൻ നൽകിയത് അവർ സ്ത്രീകളായതിനാൽ കളവു പെട്ടെന്ന് പിടിക്കുവാനാകും എന്നാണ്. ഈ മേഖലയിൽ പുരു

ഷന്മാരെ നിയമിക്കുന്നതിനേക്കാൾ സ്ത്രീകളെ നിയമിക്കുന്നതിലെ ലാഭവശങ്ങളെക്കുറിച്ച് തൊഴിൽ ദായകർക്ക് വ്യക്തമായ ബോധമുണ്ട്.

**ആധികാരികത ഇല്ല**

നിയമപരമായി ഏതെങ്കിലും തരത്തിലുള്ള അസ്തിത്വമുള്ളവയല്ല സ്വകാര്യമേഖലയിൽ നിലനിൽക്കുന്ന ഹോം നഴ്സിങ്ങ് സ്ഥാപനങ്ങൾ. അവ റജിസ്ട്രർ ചെയ്യപ്പെട്ടവയല്ല. ആർക്കും എവിടെയും സ്ഥാപിക്കാവുന്ന ഒന്നായിരിക്കുന്നു ഹോം നഴ്സിങ്ങ് ഏജൻസി. ഹോം നഴ്സുകൾക്ക് തിരിച്ചറിയൽ കാർഡുകളൊന്നും നൽകുന്നില്ല. അവരുടെ ഭൂതകാലത്തെക്കുറിച്ച് ഏജൻസിനടത്തിപ്പുകാരുടെ കയ്യിൽ രേഖകളൊന്നുമില്ല. ഒരു ഏജൻസിയിൽ നിന്നും മറ്റൊന്നിലേക്ക് ചേക്കേറുവാൻ ഇതെല്ലാം ഹോം നഴ്സുകൾക്ക് സൗകര്യമൊരുക്കുന്നു. മോഷണത്തിന്റേതായ സാഹചര്യത്തിലോ മറ്റേതെങ്കിലും കാര്യങ്ങൾക്കോ ഹോം നഴ്സുകളായി ജോലിചെയ്തിരുന്നവരെ തിരയേണ്ടി വരുന്ന അവസരത്തിൽ ഇത് ഏജൻസി നടത്തിപ്പുകാരെയും ഹോം നഴ്സുകളെ നിറുത്തിയ കുടുംബങ്ങളേയും ബുദ്ധിമുട്ടിലാക്കുന്നു. ഇതിന് മറ്റൊരു വശം കൂടിയുണ്ട്. ഒരു ഹോം നേഴ്സിന് താൻ ഏത് ഏജൻസിയിലെ ജോലിക്കാരിയായിരുന്നെന്നോ/ജോലിക്കാരിയാണെന്നോ തെളിയിക്കുവാൻ രേഖകളൊന്നുമില്ല. ഒരു തൊഴിലാളിയെന്ന രീതിയിൽ അവരുടെ അവകാശങ്ങൾ ഉന്നയിക്കുവാൻ ഇക്കാരണങ്ങളാൽ അവർക്ക് സാധിക്കാതെ വരുന്നു.

**പോരായ്മ : പഠിപ്പ്, പരിശീലനം, പരിചയം**

'വീട്ടുവേലക്കാരി' എന്നുപയോഗിക്കേണ്ടതിനു പകരം ഉപയോഗിക്കപ്പെടുന്ന സവിശേഷവല്ക്കരിക്കപ്പെട്ട പദമാണ് 'ഹോം നഴസിംഗ്' എന്നത്. സ്വാകാര്യം ഹോം നഴ്സ് ഏജൻസികൾക്കു കീഴിൽ ജോലിചെയ്യുന്ന ഹോം നഴ്സുകളിൽ ഭൂരിഭാഗവും പ്രാഥമിക വിദ്യാഭ്യാസം തരണം ചെയ്യാത്തവരാണ്. ചിലർ സ്കൂളിൽ പോയിട്ടേയില്ലാത്തവരാണ്. തൃശൂരിൽ അറിയപ്പെടുന്ന ഒരു ഹോം നഴ്സിങ്ങ് ഏജൻസി നടത്തുന്ന ഒരാൾ പറഞ്ഞത്, അയാൾ ഈ സ്ഥാപനം തുടങ്ങിയതിലൂടെ ഉദ്ദേശിക്കുന്നത് ഗ്രാമീണ മേഖലയിലെ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുക എന്നതാണ്. അവരുടെ കുടുംബങ്ങളിലെ പട്ടിണി മാറ്റുക എന്നതാണ്. ഇത്തരത്തിൽ പരിചരണത്തിനായി നിയോഗിക്കപ്പെടുന്ന സ്ത്രീകൾക്ക് നൽകി പോരുന്ന പരിശീലനത്തെക്കുറിച്ച് ചോദിക്കുകയുണ്ടായി. അവർ ഗ്രാമീണമേഖലകളിൽ ചെല്ലുമ്പോൾ 'ഹോം നഴ്സു'കളിൽ നിന്നും എന്താണ് പ്രതീക്ഷിക്കുന്നതെന്ന് വിശദീകരിക്കുക പതിവാണെന്ന് അയാൾ ഉത്തരം നൽകി. ഇത്തരം സേവനങ്ങളെ വിശദീകരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യാനാവുന്നതെങ്ങിനെയാണെന്നതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടതാണ്. ഹോം നേഴ്സുകൾക്ക് ഏതെങ്കിലും തരത്തിലുള്ള യോഗ്യതകളോ സവിശേഷ നൈപുണ്യമോ വേണ്ടതില്ല എന്ന വീക്ഷണത്തെ ന്യായീകരിക്കുന്നതാണ് ഈ വസ്തുത. ഒരു കുടുംബത്തിൽ ഹോം നഴ്സായി ജോലിചെയ്തിരുന്ന ഒരു സ്ത്രീ മാനസികാരോഗ്യകേന്ദ്രത്തിലെ അന്തേവാസിയായിരുന്നു. നെഹ്റു യുവകേന്ദ്ര, റെഡ് ക്രോസ്, സേവ തുടങ്ങിയ റെജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളിൽ ജോലിചെയ്യുന്ന ഹോം നേഴ്സുകൾ ഏറ്റവും ചുരുങ്ങിയത് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയവരും തൊഴിലിനിറങ്ങും മുമ്പ് അവശ്യതൊഴിൽ വൈദഗ്ദ്ധ്യം നേടിയവരുമായിരിക്കും. തൃശൂരിലെ റെഡ് ക്രോസ് സൊസൈറ്റി ഹോം നഴ്സുകൾക്കായി മൂന്ന് മാസം ദൈർഘ്യമുള്ള ഒരു പരിശീലനപദ്ധതി നടപ്പാക്കുന്നുണ്ട്. ഇത്തരത്തിൽ പരിശീലനം സിദ്ധിക്കുന്നവർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതോടെ ഏതെങ്കിലും സ്വകാര്യ നഴ്സിങ്ങ് സ്ഥാപനങ്ങളിലോ ആശുപത്രികളിലോ ചേരുകയാണ് പതിവ്. അവരെ സംബന്ധിച്ചിടത്തോളം ഹോം നഴ്സായി ജോലിചെയ്യുകയെന്നത് അവസാനത്തെ വഴിയാണ്. ഏറ്റവും ദുഃഖകരമായ കാര്യം, ഇത്തരത്തിലുള്ള ഹോം നേഴ്സുകളെ ജോലിക്കായി നിയമിക്കുന്ന കുടുംബങ്ങൾ ജോലിക്കെത്തുന്നവരുടെ യോഗ്യതയെക്കുറിച്ചും ജോലിക്കെത്തുന്നവർ ഏതെങ്കിലും തരത്തിലുള്ള പരിശീലനം സിദ്ധിച്ചവരാണോ എന്നതിനെക്കുറിച്ചും തീരെ അന്വേഷിക്കുന്നില്ല എന്നതാണ്. എന്നാലും ഉപഭോക്താക്കൾക്കിടയിൽ പ്രാവീണ്യത്തിന്റെ അഭാവത്തെക്കുറിച്ച് പരാതികൾ നിലനിൽക്കുന്നു.

**പലപ്പോഴും വീട്ടുവേലക്കാരി**

'ഹോം നഴ്സു'കൾ നഴ്സുകളെല്ലെന്നും അവർ അത്യന്തം രോഗാവസ്ഥയിലായവരെ ശുശ്രൂഷിക്കുവാനും പരിചരിക്കുവാനും ഏൽപ്പിക്കപ്പെടാവുന്നവരെല്ലെന്നും ഉറച്ചു വിശ്വസിക്കുന്ന ഒരു വിഭാഗം സമൂഹത്തിലുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ഇക്കൂട്ടർ രോഗിയെ പരിപാലിക്കുന്നതിൽ വീട്ടുകാരെ സഹായിക്കുന്നവരായ വീട്ടുജോലിക്കാർ മാത്രമാണ്. ഹോം നഴ്സുകളായി പ്രവർത്തിക്കുന്നവരിൽ ഭൂരിഭാഗവും നിർബന്ധത്തിനു വഴങ്ങിയോ സ്വമനസ്സാലെയോ കുടുംബത്തിലെ മറ്റു ജോലികളും ചെയ്യുന്നവരാണ്. ജോലിക്കെടുക്കുന്ന സമയത്ത് നിബന്ധനകൾ അംഗീകരിക്കുന്നവരാണ് ഉപഭോക്തൃ വിഭാഗങ്ങളെങ്കിലും രോഗികളെ പരിപാലിക്കുന്നതിനു പുറമെ വീട്ടിലെ മറ്റു കാര്യങ്ങളിലും സഹായം പ്രതീക്ഷിക്കുന്നവരാണ് ഉപഭോക്തൃ സമൂഹം. പഠനത്തിന്റെ ഭാഗമായി കാണാനായ ഒരു കുടുംബിനി പറഞ്ഞത് അവരോടൊപ്പം ജോലിചെയ്ത ഹോം നഴ്സുകൾ അത്യധികം നല്ലവരായിരുന്നതുകൊണ്ട് അവർക്ക് ഒരു വേലക്കാരിയെ തന്നെ വെയ്ക്കേണ്ടിവന്നിട്ടില്ല എന്നാണ്. ഭൂരിപക്ഷം ആൾക്കാരുടെയും അഭിപ്രായത്തിൽ ഹോം നഴ്സ് ഒരു വേലക്കാരിക്ക് തുല്യയാണ്.

**ലൈംഗിക ചൂഷണം**

ഈ മേഖലയിൽ തൊഴിലെടുക്കുന്നവരായ സ്ത്രീകൾക്ക് സമൂഹത്തിൽ താരതമ്യേന ചീത്ത പേരാണുള്ളത്. ഇതിനൊരു പ്രധാനപ്പെട്ട കാരണം കേരളത്തിൽ ചില ഹോം നഴ്സിങ്ങ് ഏജൻസികളും വ്യഭിചാരവുമായി വളരെ അടുത്തബന്ധം നിലനിൽക്കുന്നുണ്ട് എന്നതാണ്. ഹോം നഴ്സിനായി ആവശ്യകാരുണ്ടാവുകയും ഉടൻ തന്നെ ഹോം നഴ്സിനെ സംഘടിപ്പിക്കുവാൻ കഴിയാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ പരിചയ വലയത്തിലുള്ള ലൈംഗിക തൊഴിലാളികളിൽ നിന്നും ഒരാളെ സംഘടിപ്പിക്കുകയാണ് പതിവെന്ന് ഒരു ഏജൻസിയുടെ നടത്തിപ്പുക്കാരൻ വെളിപ്പെടുത്തുകയുണ്ടായി. ഇത്തരത്തിൽ 'ഹോം നഴ്സു'കളെ സംഘടിപ്പിച്ചു കൊടുക്കുന്നവർ, ഓരോരുത്തർക്കും മുന്നൂറു രൂപയോ അതിനുമുകളിലോ ഉള്ള സംഖ്യ കമ്മീഷനായി കൈപ്പറ്റുക പതിവാണ്. ഇത്തരത്തിലുള്ള 'ഉപകാര'ത്തിന് (തെരുവിൽ നിന്നും സുരക്ഷിതമായ വാസസ്ഥാനവും ഭക്ഷണവും ലഭ്യമാക്കുന്നതിന്) പകരം ആവശ്യപ്പെടുമ്പോഴെല്ലാം അവരുടെ ലൈംഗികാവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ ലൈംഗിക തൊഴിലാളി തയ്യാറായിരിക്കണം.



ഗ്രാമീണ പ്രദേശങ്ങളിൽ നിന്നും തൊഴിലന്വേഷിച്ചെത്തുന്ന സ്ത്രീകൾ ഇത്തരം കൂട്ടികൊടുപ്പുകാരുടെ കൈകളിലെത്തിപ്പെടുകയും വിവിധ ഏജൻസികളിൽ ഹോം നേഴ്സുകളായി എത്തിപ്പെടുകയും അവിടെ ഈ ജോലിയുടെ സകലദുരിതവും ബോധ്യപ്പെടുകയും ചെയ്തതായിട്ടുള്ള നിരവധിസംഭവങ്ങൾ ഇതിനോടകം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഗർഭിണികളായ ഭാര്യമാരെ ശുശ്രൂഷിക്കുവാൻ ഹോം നഴ്സുകളെ അന്വേഷിച്ചെത്തുന്ന പുരുഷന്മാർ, സാധാരണഹോം നഴ്സുകളിൽ നിന്നും 'അൽപം വിഭിന്ന'രായവരെയാണ് ആവശ്യമെന്ന് പറയുന്നത് സാധാരണമാണെന്ന് ഒരു ഏജൻസിയുടെ നടത്തിപ്പുക്കാരൻ പറയുകയുണ്ടായി. പല ഏജൻസികളും അവർക്ക് എന്തെല്ലാമോ ഒളിക്കുവാനുള്ളപോലെ ഒരു വിധത്തിലും ഈ പഠനത്തിൽ സഹകരിക്കുകയുണ്ടായില്ല.

**നിയമ ബന്ധം പൂജ്യം**

ഹോം നഴ്സിങ്ങ് വ്യവസായത്തിന്റെ നിലനിൽക്കുന്ന ഘടനയും നിയമവുമായുള്ള ബന്ധങ്ങൾ ശൂന്യമാണ്. ഏജൻസികൾക്കോ തൊഴിലാളികൾക്കോ ഉപഭോക്താക്കൾക്കോ അവരെ സംബന്ധിക്കുന്നതായ ഏതെങ്കിലും നിയമഘടന നിലവിലില്ല. ആകെയുള്ളത് ഉടമ്പടി നിയമത്തിന്റെ ഒരു ചെറിയ ഘടകം മാത്രമാണ്. ഒരു വിധം ഏജൻസികളെല്ലാം തന്നെ ഉപഭോക്താക്കളുമായി ഉടമ്പടികൾ ഉണ്ടാക്കാറുണ്ട്. പക്ഷേ തൊഴിലാളികളുമായുള്ള ഉടമ്പടികൾ സംശയമുളവാക്കുന്നതരത്തിൽ ഇല്ലാതിരിക്കുന്നു. അതുകൊണ്ടു തന്നെ ഏതൊരു തർക്കവും സിവിൽ വ്യവഹാരങ്ങളുടെ മണ്ഡലത്തിൽ എത്തിപ്പെടുന്നു. വ്യവഹാര നിയമത്തിന്റെ ഇത്തരം വകുപ്പുകൾ പ്രശ്നങ്ങൾ ഉടലെടുത്തതിനുശേഷം മാത്രമേ ഒരാളുടെ രക്ഷക്കെത്തുകയുള്ളൂ. കൂടാതെ ഉടമ്പടിയിലേർപ്പെടുന്നവർക്ക് വിലപേശുന്നതിനുള്ള കഴിവ് ഉടമ്പടി നിയമപ്രകാരം നീതി ലഭ്യമാകുന്നതിനുള്ള പ്രധാനപ്പെട്ട ഒരു കാര്യമാണ്. നിലവിലുള്ള സാഹചര്യത്തിൽ ചൂഷണ വിധേയരായി ഒരു വർഗ്ഗം നിലനിൽക്കുന്നുവെന്നത് തുല്യതയുള്ള കരാറുകാർ എന്ന സങ്കൽപ്പത്തിന് അനുയോജ്യമല്ല. അതുകൊണ്ടുതന്നെ മൂന്നുകൂട്ടരുടെയും - ഹോം നഴ്സുകൾ ഉപഭോക്താക്കൾ ഏജൻസികൾ - ആവശ്യങ്ങളെ കണക്കിലെടുക്കുന്നതായ ഒരു നിയമം അത്യന്താപേക്ഷിതമാണ്.

സമൂഹം ഈ തൊഴിലിനോട് വിപരീത മനോഭാവം പുലർത്തുന്നതിനാൽ തൊഴിൽ അത്യന്താപേക്ഷിതമായ ഒരു വിഭാഗം സ്ത്രീകളല്ലാതെ ആരും 'ഹോം നഴ്സാ'വാൻ തുനിയുകയില്ല. മറ്റുള്ളവർക്ക് സേവനം ചെയ്യുകയെന്ന ശുദ്ധമനസ്ഥിതി പുലർത്തിക്കൊണ്ട് ഈ മേഖലയിൽ ജോലിയ്ക്കെത്തുന്നവരും പണം അത്യാവശ്യമായതിനാൽ ഈ ജോലി സ്വീകരിക്കുന്നവരും ഒരുപോലെ മനുഷ്യന്റെ ആർത്തികൾക്ക് അടിപ്പെടുന്ന കാഴ്ചയാണെന്നുള്ളത് അതെസമയത്തു തന്നെ ഇത്തരക്കാരുടെ സേവനം ആവശ്യമുള്ള ആയിരക്കണക്കിന് കുടുംബങ്ങളാണിന്നുള്ളത്. അവർ വഞ്ചിതരാകുകയും ഹോം നഴ്സിങ്ങ് ഏജൻസികളുടെ നിരുത്തരവാദിത്വത്തിന് കനത്ത വില നൽകേണ്ടിവരികയും ചെയ്യുന്നു. ഈ മേഖലയിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും തൊഴിലാളികളുടെയും ഉപഭോക്താക്കളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള പരിഷ്ക്കരണം ആവശ്യമായിതീർന്നിരിക്കുന്നു. ■

## വിനയയെ തിരിച്ചെടുക്കണം

***നീതി നിഷേധത്തിന്റെ ഏറ്റവും വിരുദ്ധമായ മാതൃകകൾ സൃഷ്ടിയ്ക്കുന്നത് ഇന്നും, 'നീതിയുടെ കാവലാളായ' പോലീസ് തന്നെയാണ്. വയനാട് ജില്ലയിലെ പോലീസ് കോൺസ്റ്റബിൾ വിനയ ഉയർത്തിയ ചോദ്യങ്ങൾ, യൂണിഫോം പ്രശ്നമായാലും, സ്പോർട്സിലെ സ്ത്രീ പ്രാതിനിധ്യ പ്രശ്നമായാലും, അത് സമൂഹത്തിലെ ഏതു മണ്ഡലത്തിലും മുഴങ്ങേണ്ട പ്രശ്നങ്ങൾ തന്നെയാണ്. അടിസ്ഥാന നീതിയുടെ പ്രശ്നങ്ങളാണവ. അതിനോട് ഒരു ജനാധിപത്യ സമൂഹത്തിലെ പോലീസ് സേന ക്രിയാത്മകമായാണ് പ്രതികരിക്കേണ്ടിയിരുന്നത്. അതിനുപകരം പ്രതികാര മനോഭാവത്തോടെ പ്രതികരിച്ച പോലീസ് സേന അതിന്റെ ഫ്യൂഡൽ സ്വഭാവത്തെയും പുരുഷാധിപത്യ മൂല്യത്തെയും തുറന്നുകാട്ടുകയായിരുന്നു. മാത്രമല്ല, വിനയ യഥാർത്ഥത്തിൽ ചെയ്ത കുറ്റമെന്താണെന്ന് അവരെ സസ്പന്റ് ചെയ്ത പോലീസ് സേന വെളിപ്പെടുത്തുന്നുമില്ല. മുഖ്യമന്ത്രി പോലും ഈ പിരിച്ചുവിടൽ അന്ത്യവിധിയല്ലെന്ന് പറയുന്നു.***

***അച്ചടക്ക ലംഘന പ്രശ്നം അല്ലെന്നാണ് പൊതുബോധ്യം. പോലീസ് സേന അഭിമുഖീകരിക്കാൻ ഇതു വരെ കൂട്ടാക്കാതിരുന്ന നീതിയുടെ പ്രശ്നങ്ങൾ വിനയ വിളിച്ചു പറഞ്ഞതിൽ നിന്നുണ്ടായ അസഹിഷ്ണുത മാത്രമാണ് ഇതിന് പിന്നിലുള്ളത്. ഇക്കാര്യത്തിൽ ഒരു ജനാധിപത്യസമൂഹം എന്ന നിലയിൽ നാം വിനയയ്ക്കൊപ്പം ഉറച്ചു നില്ക്കേണ്ടതുണ്ട്. നീതിയ്ക്ക് വേണ്ടിയുയരുന്ന ഒറ്റപ്പെട്ട ശബ്ദങ്ങളെ ചവിട്ടിയരയ്ക്കാൻ നാം അനുവദിച്ചു കൂടാ. വിനയയെ എത്രയും വേഗം തിരിച്ചെടുക്കണം.*** ■

## ഇരകളോടൊപ്പം വേട്ടക്കാർക്കെതിരെ



**ഇബു സുലാമി**

**ഇന്തോനേഷ്യയിലെ മനുഷ്യാവകാശ പ്രവർത്തകയായിരുന്ന ഇബു സുലാമി 76 -ാം വയസ്സിൽ അന്തരിച്ചു. 1965-66 കാലത്ത് സുഹാർത്തോ ഭരണകൂടം നടത്തിയ മനുഷ്യക്കുരുതികളെ പഠന വിഷയമാക്കി ബഹുമുഖ മുന്നേറ്റങ്ങൾ നടത്തിയ വ്യക്തിയാണ് ഇബു. 1945ൽ സ്ത്രീ പ്രശ്നങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്തിക്കൊണ്ടായിരുന്നു പൊതുരംഗത്തേയ്ക്ക് വന്നത്. ട്രേഡ് യൂണിയൻ മേഖലയിലും പ്രവൃത്തിപരിചയമുണ്ടിവർക്ക്. പട്ടാള ഭരണകൂടം 20 വർഷത്തോളം ഇവരെ മനുഷ്യാവകാശ പ്രവർത്തനങ്ങളുടെ പേരിൽ ജയിലിലടച്ചു. ലോകമെമ്പാടുമുള്ള മനുഷ്യാവകാശ പ്രവർത്തകർ ഇവരെ Prisoner of conscience എന്ന നിലയിലാണ് വീക്ഷിച്ചിരുന്നത്. വ്യക്തി സ്വാതന്ത്ര്യം നിഷേധിച്ച് മനുഷ്യാവകാശ പ്രവർത്തനങ്ങളുടെ മേൽ നിയന്ത്രണം വരുത്തുക എന്ന നയം സ്വീകരിച്ചിരുന്ന ഭരണം നിലവിലിരിക്കെ നടത്തിയ ഇടപെടലുകൾ സംഘർഷമേഖലയിലെ പ്രവർത്തനങ്ങൾ എന്ന നിലയിൽ കൂടുതൽ ബഹുമാനമർഹിക്കുന്നു.**

**രാഷ്ട്രത്തിന്റെ വികല സമീപനങ്ങൾക്കെതിരെ പ്രതികരിക്കാൻ ഇബു സുലാമി ഒരു വിശാല പൊതുജന കൂട്ടായ്മ രൂപീകരിച്ചു. 110 ശാഖകളുള്ള ഈ പൊതുവേദിയിൽ 15,000 ഓളം അംഗങ്ങളുണ്ട്, ഇവരാകട്ടെ പട്ടാള ഭരണം നടത്തിയ മനുഷ്യാവകാശ ലംഘനങ്ങളുടെ ഇരകളാണ്.**

**സാധാരണ ജനങ്ങളുമായുള്ള ബന്ധം നിലനിർത്തി കേന്ദ്രീകൃത ലക്ഷ്യത്തിന് വേണ്ടി ആവശ്യമായ പഠനങ്ങൾ നടത്തി ബഹുജനപ്രസ്ഥാനമാക്കി സ്വന്തം പ്രവർത്തന മണ്ഡലത്തിന് കെടാത്ത കരുത്തായി.** ■

# ഒരു ഹിന്ദുത്വ ഫാക്ടറിയിൽ

ഡിയോൺ ബുൻഷ

***അഹമ്മദാബാദിൽ ഈയിടെ നടന്ന വിശ്വഹിന്ദുപരിഷത്തിന്റെ ഒരു പരിശീലനക്യാമ്പിൽ നടത്തിയ സന്ദർശനത്തെക്കുറിച്ച് :***

സ്കൂളിന്റെ വാതിലുകൾ മലർക്കെ തുറന്നിരുന്നു. പക്ഷെ ഉള്ളിൽ മുള കൊണ്ടുള്ള ഒരു ബാരിക്കേഡും തോക്കു പിടിച്ച രണ്ടു വി. എച്ച്. പി. സന്നദ്ധ സേവകരും ഉണ്ടായിരുന്നു. പ്രസിദ്ധമായ അതേ കാക്കിട്രൗസറിൽ

എനിക്ക് പ്രവേശനം അനുവദിക്കപ്പെട്ടു. ഞാൻ “ചില ഫോട്ടോകൾ എടുത്തോട്ടേ ?” എന്ന് ചോദിച്ചു. പെട്ടെന്ന് തലവന്മാർ ഇടപെട്ടു. “നിങ്ങൾ പത്രക്കാർ ഇവിടെ നിന്നെടുക്കുന്ന ചിത്രങ്ങളെ ഞങ്ങൾക്കെതിരെ പ്രയോഗിക്കും. ഞങ്ങൾ ഭീകരരെ സൃഷ്ടിക്കുകയാണ് എന്ന് പ്രചരിപ്പിക്കും.” എന്റെ എതിർവാദങ്ങളൊന്നും ഫലിച്ചില്ല. അവസാനം അയാൾ ചോദിച്ചു. “ആട്ടെ. നിങ്ങൾ ഏതു പത്രത്തിൽ നിന്നാണ് ?” ഞാൻ കാർഡ് നീട്ടി.

കാർഡിൽ “ദി ഹിന്ദു” എന്ന പത്രത്തിന്റെ പേർ കണ്ടപ്പോൾ അയാൾ ഒന്ന് പകച്ചു.

“നോക്കൂ, നാം രണ്ട് പേരും ഒരേ ഭാഗത്താണ്. ‘ഹിന്ദു’ വിന്റെ ഭാഗത്ത്” ഞാൻ തമാശ പറഞ്ഞു. പക്ഷെ അയാൾ അയഞ്ഞില്ല.

“ആരാണ് നിങ്ങളുടെ പത്രാധിപർ?”

“എൻ. റാം” ഞാൻ വീണ്ടും പറഞ്ഞു. നോക്കൂ. നാം രണ്ടു പേരും ‘റാമി’നു വേണ്ടി പ്രവർത്തിക്കുന്നു”

അവസാനം അയാൾ എന്നെ ഡൽഹിയിൽ നിന്നുള്ള ‘നേതാവി’ന്റെ അടുത്തെത്തിച്ചു.

നേതാവ് പറഞ്ഞു. “നിങ്ങളുടെ പത്രത്തിന്റെ പേരുമാറ്റാൻ ഞങ്ങൾ പലവട്ടം ആവശ്യപ്പെട്ടതാണ്. കാരണം അതെപ്പോഴും ഹിന്ദുക്കളെ വിമർശിക്കുന്നു.” അയാൾ തുടർന്നു. “സാരമില്ല. എതിരെ എഴുതുന്തോറും ഞങ്ങൾ ശക്തരായിക്കൊണ്ടിരിക്കുകയാണ്. ഗുജറാത്ത് തെരഞ്ഞെടുപ്പിൽ കണ്ടില്ലേ?”

ഞാൻ വിഷയം മാറ്റാൻ ശ്രമിച്ചു. ഇത്തരം ക്യാമ്പുകളെപ്പറ്റി ചോദിച്ചു.

““കഴിഞ്ഞ 13 കൊല്ലമായി ഞങ്ങൾ ഇത്തരം ക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. ‘ദേശഭക്ത’രെ വാർത്തെടുക്കുകയാണ് ഉദ്ദേശം. യുവത്വത്തെ നാടിനും മതത്തിനും വേണ്ടി വാർത്തെടുക്കുക. ഈ വേനൽക്കാലത്ത് രാജ്യത്തെമ്പാടും ഇത്തരം 35 ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.” പിന്നെ അയാൾ വീമ്പടിക്കാൻ തുടങ്ങി. ഹിന്ദു മതത്തെക്കുറിച്ച്. “ക്രിസ്തുമതം 2000 വർഷങ്ങൾക്കു മുമ്പാണ് ആരംഭിച്ചത്. ഇസ്ലാം 1400 കൊല്ലം മുമ്പും. എന്നാൽ ഹിന്ദുമതം മനുഷ്യജാതിയ്ക്കൊപ്പം തന്നെ ആരംഭിച്ചു.” നേതാവ് – സുരേന്ദ്ര ജെയിൻ തുറന്നു കാട്ടി. തീർച്ചയായും അയാളുടെ ഉൾക്കാഴ്ചകൾ നാളത്തെ പാഠപുസ്തകങ്ങളിൽ അച്ചടിച്ചേയ്ക്കാം.

“ഗുജറാത്ത്, മുഴുവൻ ലോകത്തിനും ഒരു വഴികാട്ടിയാണ്. ജിഹാദികളെ എന്തു ചെയ്യണമെന്ന് ഗുജറാത്ത് കാട്ടിക്കൊടുത്തു. അത് ഞങ്ങളുടെ മതത്തിന്റെ വിജയമാണ്.”

“അഹിംസ എന്ന സങ്കൽപ്പത്തെ തെറ്റായി വ്യാഖ്യാനിക്കുകയാണ് എല്ലാവരും. അതിന്റെ അർത്ഥം ഭീരുത്വമെന്നല്ല. അടിച്ചാൽ തിരിച്ചടിക്കാതിരിക്കുകയെന്നതല്ല. ഞങ്ങൾ ആത്മാവിന്റെ അനശ്വരതയിൽ വിശ്വസിക്കുന്നു. ജിഹാദികളെ മദ്രസകളിൽ വെച്ച് ചെറുപ്പത്തിലെ മരിക്കാനുള്ള ഭയം ഇല്ലാതാക്കാൻ പഠിപ്പിക്കുന്നു. ഞങ്ങളും ഞങ്ങളുടെ മരിക്കാനുള്ള ഭയം ഇല്ലാതാക്കാൻ പഠിപ്പിക്കുകയാണ്.”

ഊണിനു ശേഷം ഞാൻ ചില ക്യാമ്പംഗങ്ങളെ പരിചയപ്പെടാൻ തുടങ്ങി.

പ്രജാപതി ഹർഗോവൻദാസ് (20) ഒരു എഞ്ചിനീയറിംഗ് വിദ്യാർത്ഥിയാണ്. ബജ്രംഗ്ദൾ പ്രവർത്തകനായ ഒരു സുഹൃത്ത് വഴിയാണ് ബി. എച്ച്. പി.യുമായി ബന്ധപ്പെടുന്നത്. അയാളുടെ അച്ഛൻ ഒരു കൃഷിക്കാരനും പണമിടപാട് സ്ഥാപനം നടത്തുന്നവനുമാണ്.

“ഈ ക്യാമ്പിൽ പങ്കെടുത്തതിനുശേഷം, എനിക്ക് മുസ്ലീങ്ങളിൽ നിന്നും ഞങ്ങളുടെ മതത്തെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വലുതായ് ബോധ്യപ്പെട്ടു. ഇതിനുശേഷം ഞാൻ നാട്ടിൽ ചെന്ന് ബംജരംഗ്ദളിന്റെ ആഭിമുഖ്യത്തിൽ ഒരു തൃശൂല വിതരണയോഗം നടത്തുകയാണ് ആദ്യം ചെയ്യുക” പ്രജാപതി പറഞ്ഞു.

“പക്ഷെ, എന്തുകൊണ്ട് തൃശൂലം ?”

“നമ്മുടെ രാജ്യത്തെയും മതത്തേയും സംരക്ഷിക്കാൻ ഹിന്ദുക്കളോരോരുത്തരും ആയുധമണിയേണ്ടതുണ്ട്. മുസ്ലീങ്ങൾ തുടച്ചുനീക്കപ്പെടേണ്ടവരാണ്. അവരാണ് ഭീകരതയും, വർഗ്ഗീയതയും, സാമൂഹ്യവിരുദ്ധതയും പ്രചരിപ്പിക്കുന്നത്.”

“എന്തൊക്കെയാണ് ക്യാമ്പിൽ നിന്നും പഠിച്ചത്.”

“യോഗ, കരാട്ടേ, ജൂഡോ തുടങ്ങിയവ. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ സംഘർഷമുണ്ടായാൽ എങ്ങനെ രാജ്യത്തെ രക്ഷിക്കാം എന്ന് ഞങ്ങളെ പഠിപ്പിച്ചു. എങ്ങനെ അതിനെ കൈകാര്യം ചെയ്യണം എന്ന്.”

“അതിനെന്തിനാണ് ജൂഡോയും വെടിവയ്പ് പരിശീലനവും?”

എവിടെയെങ്കിലും സംഘർഷമുണ്ടായാൽ ബജ്രംഗ്ദൾ ഞങ്ങളെ അങ്ങോട്ടയയ്ക്കും. ഭീകരർക്കെതിരെ പോരാടാൻ. ആ പോരാട്ടത്തിന് ഇതൊക്കെ ആതാവശ്യമാണ്.”

ഭരത്ഭായ് വധേർ (25) കൃഷിക്കാരനാണ്. അയാൾ പറഞ്ഞു.

“ഞാനൊരു വികലാംഗനാണ്. പക്ഷെ, ഈ ക്യാമ്പിൽ വന്നതിനുശേഷം എനിക്കങ്ങിനെ തോന്നുന്നില്ല. ഒന്നിച്ചു ചേർന്ന് എല്ലാവരും പ്രവർത്തിക്കുന്നതുമൂലം എന്റെ ആത്മവിശ്വാസം വർദ്ധിച്ചിരിക്കുന്നു.”

“എന്റെ ചെറുപ്പത്തിൽ ഞങ്ങളുടെ ഗ്രാമത്തിലെ ഒരു ഹിന്ദു പെൺകുട്ടി മുസ്ലീം ചെറുപ്പക്കാരനുമായി ഒളിച്ചോടി. അതിനെതിരെ ആരും മിണ്ടിയില്ല. ഈ ഓർമ്മ എന്നെ ഇപ്പോഴും പിൻതുടരുന്നു. ഞാൻ തിരിച്ചു ചെന്ന് ഗ്രാമത്തിലെ ഹിന്ദുക്കളെയെല്ലാം ഒരുമിച്ച് ചേർക്കും. ഇനിയൊരിക്കലും അങ്ങനെ സംഭവിക്കാതിരിക്കാൻ.”

പരിശീലകർ മിക്കവാറും മുഴുവൻ സമയ വി.എച്ച്.പി. പ്രവർത്തകരാണ്. സൈനിക അച്ചടക്കമാണ് ക്യാമ്പിൽ മുഴുവൻ. “ഞങ്ങളുടെ മേലധികാരികൾ സമ്മതിച്ചാലല്ലാതെ ഞങ്ങൾ ഒന്നും സംസാരിക്കുകയില്ല.” മേൽസംസാരങ്ങളെല്ലാം മേലധികാരികളുടെ നിരീക്ഷണത്തിൽ കീഴിലായിരുന്നു. ചിലപ്പോഴൊക്കെ അവർ പറയേണ്ടതെന്തെന്ന് ഉച്ചരിച്ചുകൊടുക്കുകയും ചെയ്തു.

അപ്പോഴേയ്ക്കും ഒരു വിസിൽ മുഴങ്ങി. ഇന്റർവ്യൂവിൽ പങ്കെടുത്തിരുന്ന യുവാവ് ചാടി എഴുന്നേറ്റ് പോയി. അടുത്ത ഒരു “ജ്ഞാന വേള” യിലൂടെ കടന്നുപോകാൻ. പിറ്റേന്ന് ക്യാമ്പംഗങ്ങളുടെ ഒരു റൂട്ട് മാർച്ചും തൃശൂല വിതരണവും നടത്തേണ്ടതുണ്ട്. എന്നോട് സ്ഥലം വിടാൻ മേലധികാരികൾ ആവശ്യപ്പെട്ടു.

(കടപ്പാട് : ഫ്രണ്ട്‌ലൈൻ)



Reg. No.3551/93/L Dis Reg. No. KL/CR/TCR/347/2003-2005

# ജനനീതി

പത്രാധിപസമിതി ◆ കെ.ജി.ശങ്കരപ്പിള്ള ◆ സി. പി. ഗംഗാധരൻ ◆ എം.പി. രാജു ◆ സി. ആർ. നീലകണ്ഠൻനമ്പൂതിരി ◆ പി. എസ്. മനോജ് കുമാർ ◆ പി.എൻ. ഗോപീകൃഷ്ണൻ ◆ എൻ.എൻ. ഗോകുൽദാസ് ◆ ഫ്രാൻസീസ് സേവ്യർ ◆ ടോമി മാത്യു ◆ ജാസ്മിൻ ജോസഫ് ◆ മിനി രാജു ◆ ജെ.ജെ. പള്ളത്ത് ◆ ജോർജ്ജ് പുലികുത്തിയിൽ

## പെൺകുട്ടികൾ അവകാശബോധം നേടണം

**കെ. കെ. രാധാമണി**

**ബാ**ലികാസമൃദ്ധിയോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി, തൃശൂർ ജില്ലയിൽ ബ്ലോക്കു തലത്തിൽ 4 വീതം പഞ്ചായത്തുകളിലായി ജനനീതി നിരവധി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. പെൺകുട്ടികളോടും അമ്മയോടും സമൂഹത്തിനു പൊതുവെയുള്ള വൈമുഖ്യ മനോഭാവം മാറ്റുക, പെൺകുട്ടികളുടെ നിലനിൽപ്പും വളർച്ചയും ത്വരിതപ്പെടുത്തുക, ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന പെൺകുട്ടികളെ നിരുത്സാഹപ്പെടുത്തുക, പെൺകുട്ടികളുടെ സ്ക്കൂൾ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, വിവാഹപ്രായം ഉയർത്തുക, വരുമാന പ്രദമായ തൊഴിലുകളിൽ ഏർപ്പെടുന്നതിന് അവരെ സഹായിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

ഈ ബോധവൽക്കരണ ക്ലാസ്സുകൾക്ക് നിർദ്ദേശിക്കപെട്ടിരുന്ന വിഷയങ്ങൾ 6 വയസ്സിനു താഴെയുള്ള ആൺപെൺ അനുപാതത്തിന്റ കുറവ്, എന്തുകൊണ്ട്, പെൺകുഞ്ഞുങ്ങളുടെ ആവശ്യങ്ങളും അവകാശങ്ങളും, പെൺകുട്ടി സമൂഹത്തിലും കുടുംബത്തിലും നേരിടുന്ന പ്രശ്നങ്ങൾ എന്നിവയായിരുന്നു.

ഏകപക്ഷീയമായ ഒരു പ്രസംഗത്തേക്കാളുപരി ഇതൊരു ചർച്ചാക്ലാസ്സാക്കി മാറ്റി അവരിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും ആരായുകയായിരുന്നു. പെൺ ശിശുഹത്യയും പെൺഭ്രൂണഹത്യയും, പെൺകുഞ്ഞുങ്ങൾ കുറഞ്ഞുപോകുന്നതിന്റെ കാരണമായി അവർ സമ്മതിച്ചു. പെൺകുട്ടി ജനിക്കുന്നതോടൊപ്പം ഒട്ടേറെ ബാധ്യതകൾ കൂടി കുടുംബത്തിൽ വന്നുചേരുന്നു. പെൺകുട്ടിയുടെ വളർച്ച, വിദ്യാഭ്യാസം, വിവാഹം എന്നിവ ഭാരിച്ച നഷ്ടങ്ങളാണെന്ന് അവർ പറഞ്ഞു. നിർദേശിച്ചിരുന്ന വിഷയത്തിന്മേൽ നിയമത്തിന്റെ പ്രസക്തിയും പരിമിതിയും എന്തെന്ന് അഡ്വ. ജാസ്മിൻ സംസാരിച്ചു. വിഷയത്തിലെ സാമൂഹികമായ കാഴ്ചപ്പാടുകളെപറ്റിയും ചർച്ചകൾ നടന്നു. ഒരു മനുഷ്യാവകാശ സംഘടന എന്ന നിലയ്ക്ക് 'ജനനീതി' പെൺകുഞ്ഞിന്റെ ജനിക്കാനുള്ള അവകാശത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടായിരുന്നു സംസാരിച്ചത്. പെൺഭ്രൂണഹത്യ തടയാൻ നിമയമങ്ങൾ ഉണ്ടായതുകൊണ്ടു മാത്രം പോരാ, മറിച്ച് അവരോടുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുകയാണ് വേണ്ടതെന്ന് അവരെ ബോധ്യപ്പെടുത്തി. അവസരവും പരിഗണനയും കിട്ടിയാൽ പെൺകുട്ടികൾ കുടുംബത്തിനും സമൂഹത്തിനും മുതൽ കൂട്ടാകും എന്നവർ സമ്മതിക്കുകയും ചെയ്തു.

മതിലകം ബ്ലോക്കിൽ എടതിരുത്തി, കൈപ്പമംഗലം, പെരിഞ്ഞനം, എന്നീ പഞ്ചായത്തുകളിലും അന്തിക്കാട് ബ്ലോക്കിൽ ചാഴൂർ, മണലൂർ, താന്യം എന്നീ പഞ്ചയാത്തുകളിലും ചേർപ്പ് ബ്ലോക്കിൽ കോടന്നൂർ അവിണിശ്ശേരി എന്നിവിടങ്ങളിലും വടക്കാഞ്ചേരി ബ്ലോക്കിൽ, മുണ്ടത്തിക്കോട്, കടങ്ങോട്, എന്നീ പഞ്ചായത്തുകളിലും ഒല്ലൂക്കര ബ്ലോക്കിൽ കോലഴി പഞ്ചായത്തിലും പുഴയ്ക്കൽ ബ്ലോക്കിൽ അരിമ്പൂർ പഞ്ചായത്തിലും ആണ് ക്ലാസ്സുകൾ നടന്നത്. ■

## വീഡിയോ കോൺഫറൻസിങ്ങ് ഇന്ത്യൻ കോടതികളിലും അംഗീകരിക്കുന്നു

**അഡ്വ. പി.പി. വിനീത്**

**പ്ര**തിയുടെ സാന്നിദ്ധ്യത്തിലും പ്രതിയുടെ സാന്നിദ്ധ്യം കോടതി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ടിയാന്റെ അഭിഭാഷകന്റെ സാന്നിദ്ധ്യത്തിലും മാത്രമെ തെളിവെടുപ്പ് നടത്താവൂ എന്ന ക്രിമിനൽ നടപടിക്രമം 273-ാം വകുപ്പിന് വിരുദ്ധമല്ല വീഡിയോ കോൺഫ്രൻസിങ്ങ് സംവിധാനം എന്ന് സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര Vs. പ്രഫുൽ ബി.ദേശായി (CRLA No. 476 of 2003) എന്ന കേസ്സിൽ സുപ്രീംകോടതി പ്രസ്താവിച്ചു.

ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ പുരോഗതി ലോകത്തെ കൂടുതൽ അടുപ്പിച്ചിരിക്കുന്നു. വീഡിയോ കോൺഫറൻസിങ്ങ് സംവിധാനത്തിൽ വ്യക്തിയെ കാണുവാനും കേൾക്കുവാനും അയാളുമായി സംസാരിക്കുവാനും സാധിക്കുമെന്നിരിക്കെ ആയത് റെക്കോർഡ് ചെയ്ത്, തെളിവായി സ്വീകരിക്കുന്നതിന് യാതൊരു തടസ്സവുമില്ല എന്ന് സുപ്രീംകോടതി അഭിപ്രായപ്പെട്ടു. ശാസ്ത്രസാങ്കേതിക രംഗത്തെ പുരോഗതികളുടെ കാര്യക്ഷമമായ ഉപയോഗം നമ്മുടെ നാട്ടിലെ ഇഴഞ്ഞുനീങ്ങുന്ന കോടതി നടപടികൾക്ക് വേഗതയും കൃത്യതയും പ്രദാനം ചെയ്യുമെന്ന് പ്രതീക്ഷിക്കാം. ■

## പരാതി കേൾക്കലും പരിഹാരം കാണലും

**നവീന ചന്ദ്രൻ**

**മാ**റാട് പോലുള്ള വർഗ്ഗീയ സംഘർഷങ്ങളും, രാഷ്ട്രീയ സംഘട്ടനങ്ങളും, വ്യക്തിപരമായ ശത്രുതകളും, മറ്റ് സാമൂഹ്യദ്രോഹപ്രശ്നങ്ങളും ഇല്ലായ്മചെയ്യുവാൻ വേണ്ടി മനുഷ്യമനസ്സിലെ നന്മ കണ്ടെത്തി - നിലവിലുള്ള കേസുകളും തർക്കങ്ങളും രമ്യമായി പരിഹരിക്കാൻ കഴിയുമെന്നതാണ് ജനനീതിയുടെ തിച്ചൂർ അനുഭവപാഠം. പരാതി പരിഹാര സിറ്റിങ്ങുകളുടെ ലക്ഷ്യം ഈ സാധ്യതയുടെ വികാസമാണ്. തർക്കപരിഹാരം സമാധാനത്തിനും സമാധാനം സമൂഹപുരോഗതിക്കും വഴിയൊരുക്കുമല്ലൊ! ജനനീതി ഓഫീസിൽ നടന്നുവരുന്ന ഒത്തുതീർപ്പുശ്രമങ്ങൾക്കുപുറമെയാണ് തൃശൂർ ജില്ലയിൽ വ്യാപകമായി പരാതി പരിഹാര സിറ്റിങ്ങുകൾ സംഘടിപ്പിക്കാൻ ജനനീതി തീരുമാനിച്ചിട്ടുള്ളത്.

ആദ്യ സിറ്റീങ്ങ് 2003 ജൂൺ 7ന് മൈത്രി വിങ്ങ് അന്തിക്കാടിന്റെ സഹകരണത്തോടെ അന്തിക്കാട് വെച്ച് നടന്നു. ജനങ്ങളുടെ പൂർണ്ണപങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന പരാതി പരിഹാരസിറ്റിങ്ങുകളിൽ ഗുരുതരമായ ക്രിമിനൽ കേസുകളൊഴികെയുള്ള എല്ലാ തർക്കങ്ങൾക്കും, സാമൂഹ്യപ്രശ്നങ്ങൾക്കും പരിഹാരം തേടാവുന്നതാണ്. അതതുപ്രദേശത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ, അയൽകൂട്ടങ്ങൾ, സ്ത്രീശക്തി-കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവക്ക് പരാതി പരിഹാര സിറ്റിങ്ങുകൾ സംഘടിപ്പിക്കുന്നതിനായി ജനനീതിയെ സമീപിക്കാവുന്നതാണ്. ■

**പ്രതിസന്ധികൾ വിനാശത്തിലേക്ക് വിളിക്കുമ്പോൾ**
**ഏകാന്തത പ്രത്യാശ കെടുത്തികളയുമ്പോൾ**
**വിഷാദം മനസ്സ് നരകമാക്കുമ്പോൾ**

വിളിക്കുക
എഴുതുക
സന്ദർശിക്കുക

**മൈത്രി**
എന്നും നിങ്ങളോടൊപ്പം

**ജനനീതി ബിൽഡിംഗ്സ്, ടി. ബി. റോഡ്, ശക്തൻ തമ്പുരാൻ ബസ് സ്റ്റാൻഡിനു സമീപം, തൃശ്ശൂർ – 680 001.**

**ഫോൺ : 2444472**

പ്രവർത്തനസമയം : എന്നും ഉച്ചയ്ക്ക് 12 മണിമുതൽ രാത്രി 8 മണി വരെ. ശനി, ഞായർ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ.

മൈത്രിക്ക് അവധി ദിവസങ്ങളില്ല

മൈത്രിയുടെ സേവനം തികച്ചും സ്വകാര്യം, സൗജന്യം

Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Jananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@zyberway.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709